മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 29

## വാർത്താക്കുറിപ്പ്

---

## വിവരങ്ങൾ വിരൽത്തുമ്പിൽ; അതിവേഗ സേവനപാതയിൽ എം.ജി.

മഹാത്മാഗാന്ധി സർവ്വകലാശാല സ്ഥാപിതമായ 1983 മുതൽ ഇന്ന് വരെ സർവ്വകലാശാല പഠനവകുപ്പികളിലും അഫിലിയേറ്റഡ് കോളേജുകളിലും വിവിധ കോഴ്സുകളിൽ പഠനം നടത്തിയ വിദ്യാർത്ഥികളുടെ അക്കാദമിക വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ സൗകര്യമൊരുക്കി സർവ്വകലാശാല. സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നുള്ള 1.43 കോടി രൂപ വിനിയോഗിച്ച് പരീക്ഷാവിഭാഗത്തിലെ 17,824 ടാബുലേഷൻ രജിസ്റ്ററുകളിലെ 12 ലക്ഷത്തിലധികം പേജുകളുടെ ഡിജിറ്റൈസേഷൻ നടപടികൾ പൂർത്തിയായതോടെ ഇതുവരെ സർവ്വകലാശാലയിൽ പഠനം നടത്തിയ വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റ്, ഗ്രേഡ് കാർഡ്, സർട്ടിഫിക്കറ്റുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ കമ്പ്യൂട്ടർ നെറ്റ് വർക്ക് സംവിധാനത്തിൽ ലഭ്യമാകുന്നതോടെ അക്കാദമിക സേവനങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്ത് പുതിയൊരു ചരിത്രം തന്നെ സൃഷ്ടിച്ചിരിക്കുകയാണ് മഹാത്മാഗാന്ധി സർവ്വകലാശാല.

പഠിച്ച കോഴ്സുകൾ, പരീക്ഷയിൽ ലഭിച്ച മാർക്ക് / ഗ്രേഡ് തുടങ്ങി വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട മിക്കവാറും എല്ലാ വിവരങ്ങളും തന്നെ ഡിജിറ്റൈസ് ചെയ്തതോടെ വിവിധ സർട്ടിഫിക്കറ്റുകളും, രേഖകളും വിദ്യാർത്ഥികൾക്ക് ലഭ്യമാകുതിൽ ഉണ്ടായിരുന്ന കാലതാമസം തീർത്തും ഒഴിവാക്കുന്നതിന് സർവ്വകലാശാലക്ക് കഴിയും.

ഡിജിറ്റൈസ് ചെയ്ത വിവരങ്ങൾ വിവിധ കോഴ്സുകളുടെ അടിസ്ഥാനത്തിൽ മൊഡ്യൂളുകളായി തിരിച്ച് ബന്ധപ്പെട്ട സെക്ഷനുകളിൽ ഇതിനകം തന്നെ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി പ്രത്യേകം രൂപകല്പന ചെയ്തിട്ടുള്ള ഡിജി-ആർക്കൈവ് എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിൽ വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പർ, പരീക്ഷാകേന്ദ്രം, പഠിച്ച വർഷം, പരീക്ഷ നടന്ന മാസം, സെമസ്റ്റർ/ വർഷം സംബന്ധിച്ച വിവരങ്ങൾ എന്നിവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിച്ച് സേർച്ച് ചെയ്താൽ മുഴുവൻ വിവരങ്ങളും ബന്ധപ്പെ സെക്ഷനുകളിൽ ലഭിക്കും. വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള രേഖകളും വിവരങ്ങളും സെക്ഷനുകളിൽ നിന്ന് അധിക ഫീസില്ലാതെ തന്നെ നേരിട്ടോ ഇ-മെയിലായോ ഉടൻ തന്നെ നൽകുന്ന സംവിധാനത്തിനാണ് എം.ജി. സർവ്വകലാശാലയിൽ വഴിയൊരുങ്ങുന്നത്.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘമാണ് ഡിജിറ്റൈസേഷൻ നടപടികൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിച്ചത്. കഴിഞ്ഞ 40 വർഷങ്ങളായി

സർവ്വകലാശാലയിൽ നിന്ന് പഠിച്ചിറങ്ങിയ 80 ലക്ഷത്തിലധികം പേരുടെ വിവരങ്ങൾ രണ്ട് വർഷം കൊണ്ടാണ് ഡിജിറ്റൈസ് ചെയ്തത്. സംസ്ഥാനത്തെ ആദ്യകാല സർവ്വകാലശാലകളിൽ ഡിജിറ്റൈസേഷൻ നടപടികൾ ആദ്യം പൂർത്തിയാക്കിയ സർവ്വകലാശാല എന്ന ബഹുമതിയും ഇതോടെ മഹാത്മാഗാന്ധി സർവ്വകലാശാല സ്വന്തമാക്കിയിരിക്കുകയാണ്.

ഡിജി-ആർക്കൈവ് എന്ന പുതിയ സംവിധാനത്തിൻറെ ഉദ്ഘാടനം മെയ് ഒൻപതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. ആർ ബിന്ദു നിർവ്വഹിക്കും. സഹകരണ - രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവനും പരിപാടിയിൽ പങ്കെടുക്കും.

(പി.ആർ.ഒ./39/513/2022)

## അപേക്ഷ തീയതി നീട്ടി

ഒന്ന്, രണ്ട്, മൂന്ന്, നാല് വർഷ ബി.എസ് സി. നഴ്സിംഗ് (2013-2015 അഡ്മിഷൻ - സപ്ലിമെന്ററി, 2012 അഡ്മിഷൻ - സപ്ലിമെന്ററി / 2012 അഡ്മിഷൻ (നഴ്സിംഗ് കൗൺസിലിന്റെ പരീക്ഷ പാസായവർ) - ഫസ്റ്റ് മെഴ്സി ചാൻസ്, 2007-2011 അഡ്മിഷൻ - സെക്കന്റ് മേഴ്സി ചാൻസ്) പരീക്ഷകൾക്ക് അപേക്ഷിക്കുവാനുള്ള തീയതി നീട്ടി. പിഴയില്ലാതെ മെയ് അഞ്ച് വരെയും 525 രൂപ പിഴയോട്ടു കൂടി മെയ് ആറിനും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മെയ് ഏഴിനും അപേക്ഷിക്കാം.

(പി.ആർ.ഒ./39/514/2022)

## പരീക്ഷ മെയ് 18 മുതൽ

മൂന്നാം സെമസ്റ്റർ ബി.ടെക്. (പഴയ സ്കീം - 1997-2009 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകൾ മെയ് 18 ന് ആരംഭിക്കും.

(പി.ആർ.ഒ./39/515/2022)

## പരീക്ഷാ കേന്ദ്രം

ഒന്ന്, രണ്ട് സെമസ്റ്റർ ബി.എ. / ബി.കോം. സി.ബി.സി.എസ്.എസ്. (2017 വരെയുള്ള അഡ്മിഷൻ - സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ - മേഴ്സി ചാൻസ്) - പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകളുടെ പരീക്ഷാ കേന്ദ്രം സംബന്ധിച്ച വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. വിദ്യാർത്ഥികൾ തങ്ങളുടെ ഹാൾ ടിക്കറ്റുകൾ ബന്ധപ്പെട്ട പരീക്ഷാ കേന്ദ്രത്തിൽ നിന്നും കൈപ്പറ്റി പരീക്ഷക്ക് ഹാജരാകേണ്ടതാണ്.

(പി.ആർ.ഒ./39/516/2022)

## പരീക്ഷാ ഫലം

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് 2022 ഫെബ്രുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ സയൻസ് (2020 - 22 ബാച്ച് - റെഗുലർ, സയൻസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/517/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ